## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1453 — 03-12-2018 -ൽ മറുപടിക്ക്

## ഇരിട്ടി താലൂക്കിൽ പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>( റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഇരിട്ടി താലൂക്കിൽ ഈ വർഷം പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾ എത്രയെന്നും അവയിൽ പൂർണ്ണമായും തകർന്ന വീടുകൾ എത്രയെന്നും വേർതിരിച്ച് വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരമായി എത്ര തുകയാണ് നാളിതുവരെ നൽകിയിട്ടുള്ളത്; ഇനി എത്ര തുക നൽകാനുണ്ട്; | എ) | 2018-ലെ പ്രളയത്തിൽ ഇരിട്ടി താലൂക്കിലെ 1045 വീടുകൾ തകർന്നു. അതിൽ 108 എണ്ണം പൂർണ്ണമായും തകർന്നിട്ടുണ്ട്. വീടുകൾ തകർന്നതിന് നഷ്ടപരിഹാരമായി ആകെ 42 ലക്ഷം രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ബാക്കി 11 കോടി രൂപ നൽകുവാനുണ്ട്. |
| ബി) | ഇരിട്ടി താലൂക്കിൽ ഈ വർഷം പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇവർക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഏതൊക്കെയാണ്; നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; | ബി) | ഇരിട്ടി താലൂക്കിൽ വീടും സ്ഥലവും നഷ്ടപ്പെട്ടത് 34 കുടുംബങ്ങൾക്കാണ്. ഇവർക്ക് പകരം ഭൂമി വിലയ്ക്ക് വാങ്ങി സ്വകാര്യ സംരംഭകരുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| സി) | വീടും സ്ഥലവും നഷ്ടപ്പെട്ട പായം പഞ്ചായത്തിലെ പുഴയോരത്ത് താമസിച്ചിരുന്നവർക്ക് വീടും സ്ഥലവും നൽകുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് നീക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | പായം പഞ്ചായത്തിലെ പുഴയോരത്ത് താമസിച്ചിരുന്നവർക്ക് വീട് നിർമ്മിക്കാൻ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ